**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 1048

30.01.2019-ൽ മറുപടിക്ക്

**ഷൊർണ്ണൂർ ഐ.പി.ടി വികസനം**

**ചോദ്യം**
ശ്രീ. പി.കെ. ശശി

**മറുപടി**
ഡോ. കെ. ടി. ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഷൊർണ്ണൂർ ഐ.പി.ടി-യിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) ഷൊർണ്ണൂർ ഐ.പി.ടി യിൽ പ്രിന്റിംഗ് മ്യൂസിയം ഉൾപ്പെടെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

(എ) & (ബി) ഷൊർണ്ണൂർ ഐ.പി.ടി-യിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി വർക്ക് ഷോപ്പിനാവശ്യമായ കെട്ടിടനിർമ്മാണം (142 ലക്ഷം രൂപ) ഉൾപ്പെടെ 570.61 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളും പോളിടെക്ക്നിക്കുകളുടെ വികസനത്തിലുൾപ്പെടുത്തി 67.90 ലക്ഷം രൂപയും ഈ സർക്കാർ അധികാരമേറ്റശേഷം നല്കിയിട്ടുണ്ട്.

ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും മികച്ച അച്ചടി സൗകര്യങ്ങളുള്ള ഷൊർണ്ണൂർ ഐ.പി.ടി-യിൽ ഒരു പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭാവസ്ഥയിലാണ്.

Manoj M
സെക്ഷൻ ഓഫീസർ